# കേരള കാർഷിക സർവ്വകലാശാല


കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര.


## കാർഷിക നിർദ്ദേശക ബുള്ളറ്റിൻ


(ടെലിഫോൺ:04872371931)


## എറണാകുളം


**E mail: kauagmet@yahoo.co.in, cohagmet@kau.in**


കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

**എ.എഎസ് 09/16, ചൊവ്വാഴ്ച** **തീയ്യതി 23.02.2016**

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 24.02.2016 | 25.02.2016 | 26.02.2016 | 27.02.2016 | 28.02.2016 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 0 | 0 | 0 | 2 | 2 |
| ഉയർന്ന താപനില (°C ) | 34 | 34 | 34 | 34 | 34 |
| കുറഞ്ഞ താപനില (°C ) | 26 | 26 | 26 | 26 | 26 |
| മേഘവ്യാപ്തി (ഒക്ട) | 4 | 4 | 3 | 2 | 2 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 85 | 85 | 85 | 85 | 85 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 60 | 60 | 60 | 60 | 60 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 006 | 006 | 006 | 006 | 006 |
| കാറ്റിന്റെ ദിശ ( ഡിഗ്രി) | 270 | 270 | 270 | 270 | 270 |

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | വളർച്ചാഘട്ടം/ രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് | ഓലചുരുട്ടിപ്പുഴു | ഒരു ഏക്കർ പാടശേഖരത്തിന് 2 സിസി ട്രൈക്കോഗ്രാമ കാർഡ് ചെറു കഷ്ണങ്ങളായി മുറിച്ചു വയലിന്റെ പലഭാഗത്ത് ഓലയുടെ അടിഭാഗത്തായി കുത്തി വെക്കുക. അല്ലെങ്കിൽ 2 മി.ല്ലി ക്വിനാൽഫോസ് ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ചു തളിക്കുക. |
| തെങ്ങ് | ഓലപ്പുഴു | അന്തരീക്ഷ ഊഷ്മാവ് കൂടി വരുന്നതിനാൽ തെങ്ങുകളിൽ ഓലപ്പുഴുവിന്റെ ആക്രമണം കാണാനിടയുണ്ട്. കേടുവന്ന ഓലകൾ വെട്ടി തീയിട്ടു നശിപ്പിക്കുക. പുഴുവിനെയും മുട്ടകളെയും പരാദീകരിക്കുന്ന എതിർ പ്രാണികളെ തോട്ടത്തിൽ വിടുക. ക്വിനാൽഫോസ് 0.05% ഓലയുടെ അടിവശത്ത് വീഴുന്ന വിധത്തിൽ തളിച്ചു കൊടുക്കുക. |
| വാഴ | കുറുനാമ്പുരോഗം | കുറുനാമ്പുരോഗമുള്ള വാഴ വെട്ടി നശിപ്പിക്കുക. വാഴപ്പേനാണ് ഈ രോഗം പരത്തുന്നത്. ഇവയെ നിയന്ത്രിക്കുന്നതിനായി സോപ്പ് വെള്ളം വാഴയുടെ മണ്ടയിലും കവിളുകളിലും ഒഴിക്കുകയോ വെർട്ടിസീലിയം 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി തളിക്കുകയോ ചെയ്യാം. |
| പച്ചക്കറികൾ | ജാസിഡ്, വെള്ളീച്ച | അന്തരീക്ഷ ഊഷ്മാവ് കൂടുതലായിരുന്നതിനാൽ വെള്ളീച്ച, ജാസിഡ് മുതലായ കീടങ്ങളുടെ ആക്രമണം കൂടാൻ സാധ്യതയുണ്ട്. ഇവ മൂലമുള്ള കുരിടിപ്പു രോഗം നിയന്ത്രിക്കാനായി മഞ്ഞ ബോർഡിൽ ആവണക്കെണ്ണ തേച്ച് പച്ചക്കറികൾക്കിടയിൽ തൂക്കിയിടുക. |